**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1587** **03-02-2026 - ൽ മറുപടിയ്ക്ക്**

**പുതുക്കാട് മണ്ഡലത്തിലെ വിവിധ പദ്ധതികളുടെ ഭൂമി ഏറ്റെടുക്കൽ നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | പുതുക്കാട് മണ്ഡലത്തിൽ കിഫ്ബി ഫണ്ട് ഉൾപ്പെടെ പ്രയോജനപ്പെടുത്തി നടപ്പാക്കുന്ന പുതുക്കാട്-മുപ്ലിയം-കോടാലിറോഡ്, പള്ളിക്കുന്ന്-പാലപ്പിള്ളി റോഡ്, നിർദ്ദിഷ്ട മലയോര ഹൈവേ, ചക്കാലക്കടവ് പാലം, നെല്ലായി എൽ.ഐ. കടവ് പാലം തുടങ്ങിയ വികസന പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് ഭൂമി ഏറ്റെടുക്കുന്നതിനായുള്ള നടപടികൾ പൂർത്തീകരിക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കുമോ; | (എ) | പുതുക്കാട് മണ്ഡലത്തിൽ കിഫ്ബി ഫണ്ട് ഉൾപ്പെടെ പ്രയോജനപ്പെടുത്തി നടപ്പാക്കുന്ന പുതുക്കാട് - മുപ്ലിയം -കോടാലി റോഡ് നിർമ്മാണത്തിനായി LARR Act 2013 പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനുള്ള അർത്ഥനയൊന്നും ലഭിച്ചിട്ടില്ലാത്തതാണ്. പള്ളിക്കുന്ന് - പാലപ്പിള്ളി റോഡ്, ചക്കാലക്കടവ് പാലം, നെല്ലായി ലിഫ്റ്റ് ഇറിഗേഷൻ കടവ് പാലം തുടങ്ങിയ വികസനപ്രവർത്തനങ്ങൾക്കായി LARR Act 2013 പ്രകാരമുള്ള ഭൂമി ഏറ്റെടുക്കൽ പൂർത്തീകരിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>പള്ളിക്കുന്ന്-പാലപ്പിള്ളി റോഡ് നിർമ്മാണത്തിനുള്ള ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് 24.10.2025 തീയതിയിലെ അസാധാരണഗസറ്റ് നം. 3747 വാല്യം 14 പ്രകാരം 11(1) വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഈ പദ്ധതിയുമായി ബന്ധപ്പെട്ട സർവേ ജോലികൾ നടന്നു വരുന്നു.<br><br>ചക്കാലക്കടവ് പാലം നിർമ്മാണത്തിനും, നെല്ലായി ലിഫ്റ്റ് ഇറിഗേഷൻ കടവ് പാലം നിർമ്മാണത്തിനുമായുള്ള ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് അർത്ഥനാധികാരി ഫണ്ട് അടവാക്കുന്ന മുറയ്ക്ക് 19(1) വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതിനും അവാർഡ് പാസാക്കി ഭൂമി ഏറ്റെടുത്ത് കൈമാറുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതുമാണ്.<br><br>കേരളസർക്കാർ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്ന മലയോരഹൈവേ പദ്ധതിയ്ക്ക് സർക്കാർ നയമനുസരിച്ചും കിഫ്ബി മാനദണ്ഡപ്രകാരവും ഫ്രീ സറണ്ടർ മുഖേനയാണ് സ്ഥലം ലഭ്യമാക്കേണ്ടത്. |
| (ബി) | പ്രസ്തുത വികസന പദ്ധതികൾക്കായുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ എന്നേക്ക് പൂർത്തീകരിക്കാൻ | (ബി) | പുതുക്കാട് മണ്ഡലത്തിൽ കിഫ്ബി ഫണ്ട് ഉൾപ്പെടെ പ്രയോജനപ്പെടുത്തി നടപ്പാക്കുന്ന പുതുക്കാട് - മുപ്ലിയം |

| | | | |
|---|---|---|---|
| | കഴിയുമെന്നും നടപടികൾ ഏത് ഘട്ടത്തിലാണെന്നും വ്യക്തമാക്കാമോ? | | -കോടാലി റോഡ് നിർമ്മാണത്തിനായി LARR Act 2013 പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനുള്ള അർത്ഥനയൊന്നും ലഭിച്ചിട്ടില്ലാത്തതാണ്. പള്ളിക്കുന്ന് - പാലപ്പിള്ളി റോഡ്, ചക്കാലക്കടവ് പാലം, നെല്ലായി ലിഫ്റ്റ് ഇറിഗേഷൻ കടവ് പാലം തുടങ്ങിയ വികസനപ്രവർത്തനങ്ങൾക്കായി LARR Act 2013 പ്രകാരമുള്ള ഭൂമി ഏറ്റെടുക്കൽ പൂർത്തീകരിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>പള്ളിക്കുന്ന്-പാലപ്പിള്ളി റോഡ് നിർമ്മാണത്തിനുള്ള ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് 24.10.2025 തീയതിയിലെ അസാധാരണഗസറ്റ് നം. 3747 വാല്യം 14 പ്രകാരം 11(1) വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഈ പദ്ധതിയുമായി ബന്ധപ്പെട്ട സർവേ ജോലികൾ നടന്നു വരുന്നു.<br><br>ചക്കാലക്കടവ് പാലം നിർമ്മാണത്തിനും, നെല്ലായി ലിഫ്റ്റ് ഇറിഗേഷൻ കടവ് പാലം നിർമ്മാണത്തിനുമായുള്ള ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് അർത്ഥനാധികാരി ഫണ്ട് അടവാക്കുന്ന മുറയ്ക്ക് 19(1) വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതിനും അവാർഡ് പാസാക്കി ഭൂമി ഏറ്റെടുത്ത് കൈമാറുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതുമാണ്.<br><br>കേരളസർക്കാർ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്ന മലയോരഹൈവേ പദ്ധതിയ്ക്ക് സർക്കാർ നയമനുസരിച്ചും കിഫ്ബി മാനദണ്ഡപ്രകാരവും ഫ്രീ സറണ്ടർ മുഖേനയാണ് സ്ഥലം ലഭ്യമാക്കേണ്ടത്. |

സെക്ഷൻ ഓഫീസർ